**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 709 ഹോമിയോ ഡിസ്പെൻസറികളിലും 34 ആശുപത്രികളിലും 407 എൻ. എച്ച്. എം. ഡിസ്പെൻസറികളിലും 29 എസ്. സി. ഡിസ്പെൻസറികളിലും 3 ഫ്ലോട്ടിംഗ് ഡിസ്പെൻസറികളിലും 4 മൊബൈൽ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തിക ഉണ്ടോയെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | ഹോമിയോപ്പതി വകുപ്പിന് കീഴിലെ സർക്കാർ സ്ഥാപനങ്ങളിലായി ആകെ 603 ഫാർമസിസ്റ്റ് റെഗുലർ തസ്തികകളുണ്ട്. എൻ.എച്ച്.എം., എസ്.സി., ഫ്ലോട്ടിംഗ്, മൊബൈൽ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തികകൾ ഇല്ല. |
| (ബി) | മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങളിൽ നിലവിൽ റെഗുലർ ഫാർമസിസ്റ്റ് തസ്തിക ഇല്ലാത്തവയിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | ഹോമിയോ ഫാർമസിസ്റ്റുകളുടെ റെഗുലർ തസ്തിക ഇല്ലാത്ത 91 സ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ച ഡിസ്പെൻസർമാരാണ് മരുന്ന് വിതരണം ചെയ്യുന്നത്. വകുപ്പിൽ റെഗുലർ ഫാർമസിസ്റ്റ് / ഡിസ്പെൻസർ ഇല്ലാത്ത 50 സ്ഥാപനങ്ങളിൽ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. പുതുതായി ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ